ICPS 4(B)/908 /2021(2)

വനിത ശിശുവികസന വകുപ്പ്,
ഐ.സി.പി.എസ്, പൂജപ്പുര
തിരുവനന്തപുരം
തീയതി - 11.01.2022

# പരിപത്രം

വിഷയം :- വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓർഫനേജ് ഗ്രാന്റ് അനുവദിയ്ക്കുന്നതു - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

പരാമർശം :- 1) 1964 ലെ കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്.

2) 2015 ലെ ജുവനൈൽ ജസ്റ്റിസ് (Care & Protection of Children)ആക്ട് 2015.

3) 17.08.1964 ലെ സ.ഉ (എം.എസ്) നം. 376/1964/ഹോം

4) സ.ഉ (അച്ചടി) നം. 4/2021/സാനീവ തീയതി 02.02.2021.

5) ഈ കാര്യാലയത്തിലെ 11.01.2022 ലെ ഇതേ നമ്പർ ഉത്തരവ്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സൂചന (1) പ്രകാരം ആണ് സാമൂഹ്യനീതി വകുപ്പ് മുഖേന ഗ്രാന്റ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ സൂചന (4) പ്രകാരം കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിയ്ക്കുന്നതിനു വേണ്ടി ഗ്രാന്റ് ഇൻ എയ്ഡ് റൂൾസിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 - 21 സാമ്പത്തിക വർഷം മുതലുള്ള ഗ്രാന്റ് അനുവദിക്കേണ്ടത് വനിത ശിശുവികസന വകുപ്പ് മുഖേനയാണ്. ഇതിലേയ്ക്കായി ചുവടെ ചേർക്കും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## I. നിർവ്വഹണ ഉദ്യോഗസ്ഥൻ

1. കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖേനയാണ് സ്വീകരിക്കേണ്ടത്.

2. ഇതിലേയ്ക്കായി Grant in aid Rule (12) പ്രകാരം ജില്ലയിൽ ഇൻസ്പെക്ഷൻ ടീം രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്നവരെ ഉൾപ്പെടുത്തി ടീം രൂപീകരിച്ചിരിക്കുന്നു.

   a) ജില്ലാ വനിത ശിശു വികസന ഓഫീസർ (ടീം ലീഡർ)

   b) ജില്ല ശിശു സംരക്ഷണ ഓഫീസർ

   c) ജില്ല വനിത ശിശു വികസന ഓഫീസിലെ സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്,

   d) ഹെഡ് അക്കൗണ്ടന്റ് (ജില്ലാ വനിത ശിശു വികസന ഓഫീസ്)

   e) അക്കൗണ്ടന്റ് (ജില്ലാ ശിശുസംരക്ഷണ ഓഫീസ്)

   f) പ്രൊട്ടക്ഷൻ ഓഫീസർ (I/C) (ജില്ലാ ശിശുസംരക്ഷണ ഓഫീസ്)

3. സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ കൂടുതലാകുന്ന പക്ഷം സമയ ബന്ധിതമായി ഇൻസ്പെക്ഷൻ നടത്തുന്നതിന് അധികമായി ജീവനക്കാരെ ഉൾപ്പെടുത്തി ഒന്നിലധികം ടീമുകളായി ഇൻസ്പെക്ഷൻ നടത്താവുന്നതാണ്.

## II. <u>ഗ്രാന്റിനു അർഹതയുള്ള സ്ഥാപനങ്ങൾ/ അപേക്ഷ സ്വീകരിക്കേണ്ട വിധം</u>

1. OCB, JJ രജിസ്ട്രേഷനുള്ള കുട്ടികളുടെ ക്ഷേമ സ്ഥാപനങ്ങൾക്കാണ് ഗ്രാന്റിനു അർഹത.

2. 2020 – 21 സാമ്പത്തിക വർഷത്തെ ഗ്രാന്റിനാണ് അപേക്ഷ സ്വീകരിക്കേണ്ടത്.

3. ഗ്രാന്റ് ഇൻ എയ്ഡിനായി നിലവിൽ സർക്കാർ അനുമതിയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ്, ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവിന്റെ ലിസ്റ്റും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും ശേഖരിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെ മാത്രം 2020 – 2021 വർഷത്തെ ഗ്രാന്റിന് പരിഗണിച്ചാൽ മതിയാകും.

4. നിലവിൽ സർക്കാർ അനുമതി ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർ അപേക്ഷ വാങ്ങേണ്ടതും സ്ഥാപനത്തിന്റെ പേര്, വിലാസം, sactioned strength,

present strength, OCB registration number & date, JJ Act registration number and date എന്നിവ ഉൾപ്പെടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അപേക്ഷകൾ സഹിതം സർക്കാരിലേയ്ക്ക് നൽകുന്നതിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

5. OCB ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പ്രകാരം എല്ലാ വർഷവും സെപ്തംബർ 30 വരെയാണ് അപേക്ഷ സ്വീകരിക്കേണ്ടത്. എന്നാൽ 2020 - 21 വർഷത്തെ ഗ്രാന്റിനായി 2022 ജനുവരി 31 വരെയുള്ള അപേക്ഷകൾ പരിഗണിക്കാവുന്നതാണ്.
6. നാളിതുവരെ സാമൂഹ്യനീതി വകുപ്പിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചിരുന്നത് എന്നതിനാൽ 2020 - 21 സാമ്പത്തിക വർഷത്തെ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ശേഖരിച്ച് ജില്ലാ വനിത ശിശുവികസന ഓഫീസിൽ നിന്നും നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. ഇപ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണം, ലഭിച്ച തീയതി, സ്ഥാപനത്തിന്റെ പേര് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

## III. <u>അപേക്ഷ പരിഗണിക്കേണ്ട വിധം</u>

1. 2020 - 21 വർഷത്തെ OCB ഗ്രാന്റിനായി ലഭിക്കുന്ന അപേക്ഷകളിൽ ചുവടെ ചേർക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

   i. Kerala Grand - in Aid Rules Appendix II പ്രകാരമുള്ള നിർദ്ദിഷ്ട ഫോം
   ii. Sanitary Certificate
   iii. Period of stay of inmates during previous year
   iv. Extract of admission register appendix V (copy)
   v. Audit report from Chartered Accountant during the current year
   vi. Audited statement of Accounts of provious year from Chartered Accountant
   vii. Certificate regarding Non-receipt of grants from other source.
   viii. A certificate to the effect that orders from the CWC have been obtained in respect of all inmates for whose grants have been claimed.
   ix. School going certificate of inmates.

x. Local fund audit report of the year 2019 – 2020

2. ലഭിയ്ക്കുന്ന അപേക്ഷയുടെ പകർപ്പ് സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ടുമെന്റിനു നൽകിയതിന്റെ രസീത് ഉണ്ടായിരിക്കേണ്ടതാണ്.

## IV. സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള പരിശോധന സംഘങ്ങൾ ലഭിയ്ക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ ചെന്ന് പരിശോധന നടത്തേണ്ടതാണ്.
2. സ്ഥാപനങ്ങളിൽ അനുബന്ധം 1 ൽ ചേർക്കുന്ന പട്ടിക പ്രകാരമുള്ള രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.
3. ഉദ്യോഗസ്ഥർ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധിക്കേണ്ടതും ആയത് കൃത്യമാണെന്നു ഉറപ്പുവരുത്തേണ്ടതുമാണ്.
   - i. Registration Certificate and validity of registration (OCB & JJ)
   - ii. Admission Register
   - iii. CWC order/Certificate
   - iv. School going of inmates Register
   - v. Proof of date of Birth of inmates.
   - vi. Income certificate (if available)
   - vii. Aadhar card of Inmates
4. കെട്ടിടം, കുട്ടികൾക്കുള്ള ഭക്ഷണം, താമസസ്ഥലം, മറ്റു സൗകര്യങ്ങൾ എന്നിവയുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തേണ്ടതാണ്.
5. റെഗുലർ കോഴ്സിൽ പഠിക്കാത്ത കുട്ടികൾക്ക് Vocational Course കൾ പഠിയ്ക്കുന്നതിനുള്ള അവസരം ലഭിയ്ക്കുന്നണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.
6. സ്ഥാപനങ്ങളിൽ താമസിയ്ക്കുന്ന കുട്ടിയുടെ jurisdiction പരിശോധിക്കേണ്ടതും കുട്ടി താമസിയ്ക്കുന്ന ജില്ല/ സംസ്ഥാനം അല്ലായെങ്കിൽ എത്രയും പെട്ടെന്ന് സ്ഥാപനം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7. CWC ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിൽ മാറ്റപ്പെടുന്ന കുട്ടികളെ നിലവിലുള്ള ചട്ട പ്രകാരം അവസാന ഉത്തരവ്/തീരുമാനം ആയിട്ടില്ലായെങ്കിലും ഗ്രാന്റിനു പരിഗണിയ്ക്കാവുന്നതും എന്നാൽ തീരുമാനം എത്രയും പെട്ടെന്ന് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം കൃത്യമാണോയെന്നും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഭൗതിക സാഹചര്യം തൃപ്തികരമാണോയെന്നും സ്ഥാപനം സ്വകാര്യ ലാഭത്തിനായി പ്രവർത്തിയ്ക്കുന്നില്ലായെന്ന് ബോധ്യമാകുന്ന പക്ഷം സ്ഥാപനത്തിനു ഗ്രാന്റിനായി പരിഗണിക്കാവുന്നതാണ്.

9. അനുബന്ധം-2 പ്രകാരമുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ മാതൃകയിൽ റിപ്പോർട്ട് തയ്യാറാക്കി വേണം ഗ്രാന്റിനായി ശുപാർശ ചെയ്യേണ്ടത്.

## V. ഗ്രാന്റിനായി പരിഗണിക്കേണ്ട വിഷയങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

1. JJB, OCB രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്കാണ് ഗ്രാന്റിനു അർഹത
2. 5 മുതൽ 21 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് ഗ്രാന്റിനു അർഹതയുള്ളത്.
3. Child Welfare Committee ൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിയ്ക്കുന്ന കുട്ടികളെ മാത്രം ഗ്രാന്റിനായി പരിഗണിച്ചാൽ മതിയാകും.
4. സ്ഥാപനത്തിൽ താമസിയ്ക്കുന്ന കുട്ടികൾ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുകയോ വോക്കേഷണൽ പരിശീലനത്തിൽ ഏർപ്പെടുകയോ ചെയ്യിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതും ഇവരെ മാത്രം ഗ്രാന്റിന് പരിഗണിച്ചാൽ മതിയാകുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമായവരോ, CWC ഉത്തരവ് ഇല്ലാതെ താമസിക്കുന്നവരോ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കാത്തവരോ ആയ കുട്ടികളെ ഗ്രാന്റിനായി പരിഗണിക്കേണ്ടതില്ല.
5. നിലവിൽ ഒരു കുട്ടിയ്ക്ക് പ്രതിമാസം 1100/- രൂപയാണ് ഗ്രാന്റ് അനുവദിയ്ക്കുന്നത്. സമയാ സമയങ്ങളിൽ വരുന്ന സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി ഗ്രാന്റിനു മാറ്റം ഉണ്ടാകുന്നതാണ്.

6. സർക്കാരിന്റെ മറ്റു ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ടോയെന്നു പരിശോധിക്കേണ്ടതാണ്. (ഉദാ. JJ ഗ്രാന്റ്)

7. ഗ്രാന്റിനായി പരിഗണിയ്ക്കുമ്പോൾ മുൻ വർഷങ്ങളിൽ കേരള ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം അധിക തുക ലഭിച്ചിട്ടുണ്ടോയെന്നും അല്ലെങ്കിൽ കുടിശ്ശിക ലഭിയ്ക്കാനുണ്ടോയെന്നും പരിശോധിക്കേണ്ടതും ആയത് കൂടി ഗ്രാന്റിനായി പരിഗണിക്കേണ്ടതാണ്.

8. Child Stay സംബന്ധിച്ച ദിവസങ്ങളും/മാസങ്ങളും കണക്കാക്കി ആനുപാതിക അർഹത പരിശോധിച്ചാണ് തുക കണക്കാക്കേണ്ടത്.

9. ഇപ്രകാരം ബന്ധപ്പെട്ട ജില്ലകൾക്കാവശ്യമായ ഗ്രാന്റ് തുക കണക്കാക്കി ജില്ലാ വനിത ശിശു വികസന ഓഫീസർ അലോട്ട്മെന്റിനായി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

**അംഗീകാരത്തോടെ**

**പ്രോഗ്രാം മാനേജർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും (സാമൂഹ്യ നീതി ഡയറക്ടർ മുഖാന്തിരം)
(2020 - 21 വർഷത്തെ OCB ഗ്രാന്റിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും, ഗ്രാന്റ് ഇൻ എയ്ഡിനായി നിലവിൽ സർക്കാർ അനുമതിയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ്, ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ ലിസ്റ്റ് എന്നിവ)ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**പകർപ്പ് –**
സ്റ്റോക്ക് ഫയൽ

## അനുബന്ധം – 1

## ക്ഷേമ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രേഖകൾ

1. Admission Register
2. Attendance of Inmates & Staff
3. Cash book
4. Stock & Issue register
5. Ledger
6. Minutes Book
7. Acquittance roll
8. Complaint Book
9. Visitors Book
10. Office Order Book
11. Aadhar card of Inmates
12. Order/Certificate from CWC.

# Inspection Report

| | | | |
|---|---|---|---|
| Permanent Serial No: | Date of Inspection: | | |
| Name and full address of the Institution | | | |
| Name and address of the Manager/ Correspondent | | | |
| Date of starting | Recognition certificate of OCB No Date<br>Period of Validity:<br>JJ Act registration No date<br>Period of Validity: | | |
| Strength fixed by the board | Strength fixed under JJ act | | |
| Strength fixed by Govt. for grant in Aid | Govt Order No<br>Date | | |
| Strength As On first April | Boys | Girls | Total |
| | | | |
| Strength as on 31st March | | | |
| Strength as on the date of inspection | | | |

| | | | | | |
|---|---|---|---|---|---|
| Name of educational Institutions in which children are studying | Boys | | Girls | | Total |
| | Name | No. of Children | Name | No. of Children | |
| | | | | | |
| Name of the Vocational Institutions in which children are studying | Boys | | Girls | | Total |
| | Name | No. of Children | Name | No. of Children | |
| | | | | | |

| | | |
|---|---|---|
| **Whether education provided to children are suitable** | | |
| **Whether Menu Chart is available** | Yes | No |
| **Whether the diet is prescribed by the dietician** | Yes | No |
| **Whether the minimum standard of diet lodging, clothing, health, hygiene etc are kept properly** | | |
| **Whether the sanitary condition and accommodation provided are sufficient** | | |
| **Whether the institution is conducted for private profit** | | |
| **General feeling of the children on the working of the institution** | | |

| | | | |
|---|---|---|---|
| Admission register | | Attendance of staff | |
| Certificates from CWC | | Acquittance of staff | |
| cashbook | | Minutes | |
| Ledger | | Office order | |
| Stock and issue register | | Visitors Book | |
| Attendance of children | | Complaint book | |